ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31-05-2024**

## പ്രധാനവാർത്തകൾ

1) ലോക്സഭ തിരഞ്ഞെടുപ്പിൻറെ ഏഴാം ഘട്ട വോട്ടെടുപ്പ് 57 മണ്ഡലങ്ങളിൽ നാളെ നടക്കും. മുന്നൊരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

2) കേരളത്തിലെ ക്ഷേത്രത്തിൽ പഞ്ചബലി നടന്നതായ കർണാടക ഉപമുഖ്യമന്ത്രിയുടെ ആരോപണം തള്ളി ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ. ആരോപണത്തിന്റെ നിജസ്ഥിതി അന്വേഷിക്കുമെന്ന് മന്ത്രി.

3) സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരും. ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്.

4) പൂക്കോട് സർവകലാശാലാ വിദ്യാർത്ഥി സിദ്ധാർത്ഥൻറെ മരണത്തിൽ പ്രതികൾക്ക് ഉപാധികളോടെ ജാമ്യം അനുവദിച്ച് ഹൈക്കോടതി.

5) സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ വനിത ഡബിൾസിൽ ഇന്ത്യൻ ടീം സെമിയിൽ പ്രവേശിച്ചു.

*************************

RNU TVPM

## ഏഴാം ഘട്ടം - വോട്ടെടുപ്പ്

ലോക്സഭ തിരഞ്ഞെടുപ്പിൻറെ ഏഴാം ഘട്ട വോട്ടെടുപ്പ് 57 മണ്ഡലങ്ങളിൽ നാളെ നടക്കും. 10.06 കോടി ജനങ്ങളാണ് നാളെ സമ്മതിദാന അവകാശം വിനിയോഗിക്കുന്നത്.
1.09 ലക്ഷത്തിലധികം പോളിംഗ് ബൂത്തുകൾ വോട്ടെടുപ്പിനായി സജ്ജമാക്കിയിട്ടുണ്ട്. രാവിലെ 7 മണി മുതൽ വോട്ടെടുപ്പ് ആരംഭിക്കും. ഈ ഘട്ടത്തോടെ രാജ്യത്ത് പോളിംഗ് പ്രക്രിയകൾ പൂർത്തിയാകും. ഉത്തർപ്രദേശ്, പഞ്ചാബ്, പശ്ചിമ ബംഗാൾ, ബിഹാർ, ഒഡീഷ, ഝാർഖണ്ഡ്, ഹിമാചൽപ്രദേശ്, ചണ്ഡിഗഢ് എന്നിവിടങ്ങളിലാണ് ഏഴാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി, കേന്ദ്ര മന്ത്രി അനുരാഗ് സിങ്ങ് ഠാക്കൂർ, തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി തുടങ്ങിയവരാണ് ഏഴാം ഘട്ടത്തിൽ ജനവിധി തേടുന്ന പ്രമുഖർ. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

**********************

RNU TVPM

## പ്രധാനമന്ത്രി - കന്യാകുമാരി

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി കന്യാകുമാരിയിലെ വിവേകാനന്ദ പാറയിൽ രണ്ടാം ദിനവും ധ്യാനം തുടരുന്നു. കന്യാകുമാരി ദേവീ ക്ഷേത്രത്തിൽ ഇന്നലെ വൈകുന്നേരം ദർശനം നടത്തിയ ശേഷമാണ് അദ്ദേഹം 45 മണിക്കൂർ നീളുന്ന ധ്യാനം ആരംഭിച്ചത്. 1892 ൽ സ്വാമി വിവേകാനന്ദൻ ധ്യാനിച്ച അതേ സ്ഥലമാണിത്. നാളെ ധ്യാനം പൂർത്തിയാക്കിയ ശേഷം വൈകുന്നേരം 3.30-ഓടെ ശ്രീ മോദി കന്യാകുമാരിയിൽ നിന്നും തിരുവനന്തപുരത്തേക്കും, തുടർന്ന് ന്യൂഡൽഹിയിലേക്കും മടങ്ങും.

**********************

## ഡി കെ ശിവകുമാറിൻറെ ആരോപണം

തളിപ്പറമ്പ് രാജരാജേശ്വരി ക്ഷേത്ര പരിസരത്ത് പഞ്ചമൃഗബലി നടന്നെന്ന കർണാടക ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാറിന്റെ ആരോപണം തള്ളി ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ . കേരളത്തിൽ ഒരിക്കലും നടക്കാനിടയില്ലാത്ത കാര്യമാണിതെന്നും, ആരോപണത്തിന്റെ നിജസ്ഥിതി അന്വേഷിക്കുമെന്നും മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു. ക്ഷേത്ര ഭരണസമിതിയും പ്രസ്താവനയ്ക്കെതിരെ രംഗത്തു വന്നു. പഞ്ചമൃഗബലിയും യാഗങ്ങളും രാജരാജേശ്വരി ക്ഷേത്രത്തിൽ നടക്കുന്നതായുള്ള വാർത്ത തികച്ചും വാസ്തവ വിരുദ്ധവും ദൌർഭാഗ്യകരവുമാണെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. തന്നെയും കർണ്ണാടക സർക്കാരിനെയും താഴെയിറക്കാൻ കർണ്ണാടകത്തിൽ നിന്നുള്ളവർ ക്ഷേത്രത്തിൽ പഞ്ചബലി നടത്തിയെന്നായിരുന്നു ഡി.കെ ശിവകുമാറിൻറെ ആരോപണം.

**********************

## മഴ ജാഗ്രത - കേരളം

സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരും. ഇടുക്കി, കോഴിക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അറബിക്കടലിൽ കേരളതീരത്തിന് സമീപം ചക്രവാതച്ചുഴി രൂപപ്പെട്ടതിനാൽ ജൂൺ 2 വരെ ശക്തമായ മഴ തുടരും. തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.

**********************

RNU TVPM

## വർക്കല -മഴക്കെടുതി (ഇൻട്രോ)

കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ മഴയിൽ വർക്കല പാപനാശം കുന്നുകൾ വീണ്ടും ഇടിഞ്ഞു. ഏണിക്കൽ ബീച്ചിനും ആലിയിറക്കം ബീച്ചിനും ഇടയിലായി നാലിടങ്ങളിലാണ് കുന്നിടിഞ്ഞത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

**********************

## മഴക്കെടുതി

കൊല്ലം ജില്ലയിൽ മഴക്കെടുതി തുടരുന്നു. ജില്ലയിൽ 20 ദുരിതാശ്വാസ ക്യാമ്പുകളിലായി 2273 പേരാണുള്ളത്. കല്ലടയാറ്റിൽ വീണ് കാണാതായ പിറവന്തൂർ സ്വദേശിനി വത്സലയുടെ മൃതദേഹം കണ്ടുകിട്ടി.

മഴക്കെടുതിയിൽ കഴിഞ്ഞ 24 മണിക്കൂറിൽ ജില്ലയിൽ മൂന്ന് വീടുകൾ പൂർണമായും 22 വീടുകൾ ഭാഗികമായും തകർന്നു.

**********************

PNUTVPM

## പത്തനംതിട്ട - ദുരിതാശ്വാസ ക്യാമ്പ്

പത്തനംതിട്ട ജില്ലയിൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകൾകൂടി തുറന്നു. ഇതോടെ ജില്ലയിൽ അഞ്ച് ക്യാമ്പുകളിലായി 187 പേരാണ് കഴിയുന്നത്.

**********************

## സിദ്ധാർത്ഥ് കേസ് - ഹൈക്കോടതി

പൂക്കോട് കേരള വെറ്റിനററി സർവകലാശാല വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ 19 പ്രതികൾക്ക് ഹൈക്കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. കേസിൽ സിബിഐ അന്തിമ റിപ്പോർട്ട് സമർപ്പിച്ചതായും, കസ്റ്റഡി തുടർന്ന് ആവശ്യമില്ലെന്നും ചൂണ്ടിക്കാട്ടി പ്രതികൾ സമർപ്പിച്ച ജാമ്യാപേക്ഷയിലാണ് ഉത്തരവ്. വിദ്യാർത്ഥികളായതിനാൽ പഠനം തുടരുന്നതിന് അവസരം നൽകണമെന്നും ജാമ്യാപേക്ഷയിൽ

ആവശ്യപ്പെട്ടിരുന്നു. പ്രതികൾ സാക്ഷികളെ സ്വാധീനിക്കാൻ ഇടയുണ്ടെന്ന സിബിഐയുടെ വാദം ഹൈക്കോടതി തള്ളി. പ്രതികൾ വയനാട് ജില്ലയിൽ പ്രവേശിക്കരുതെന്നും, സംസ്ഥാനം വിട്ട് പോകരുതെന്നും കോടതി നിർദ്ദേശിച്ചു.

**********************

<u>ഡെങ്കിപ്പനി -പത്തനംതിട്ട (ഇൻട്രോ)</u>

പത്തനംതിട്ട ജില്ലയിൽ ഡെങ്കിപ്പനി വ്യാപനം ആശങ്കപരത്തുന്നു. ജില്ലയിൽ 15 ഹോട്ട്സ്പോട്ടുകൾ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ച് ആരോഗ്യവകുപ്പ്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

**********************

<u>തിരുവനന്തപുരം നഗരസഭ - അവലോകനം</u>

മഴക്കാല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ അടിയന്തിരയോഗം യോഗം ചേർന്നു. മന്ത്രി വി ശിവൻ കുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേയർ ആര്യ രാജേന്ദ്രൻ, നഗരസഭ കക്ഷിനേതാക്കൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ യോഗത്തിൽ ചർച്ചയായി.

RNUTVPM

**********************

<u>മാലിന്യ ടാങ്ക് -മരണം</u>

കോഴിക്കോട് ഹോട്ടലിൻറെ അറ്റകുറ്റപണികളുടെ ഭാഗമായി മാലിന്യ ടാങ്ക് പരിശോധിക്കുന്നതിനിടെ രണ്ട് പേർ ശ്വാസം മുട്ടി മരിച്ചു. ബാലുശ്ശേരി സ്വദേശികളായ റിനീഷ്, അശോകൻ എന്നിവരാണ് മരിച്ചത്. ഒരാളെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിന്നിനിടെയാണ് രണ്ടാമത്തെ ആൾ അകപ്പെട്ടത്. ഫയർഫോഴ്സ് എത്തി പുറത്തെടുത്ത് മെഡിക്കൽ കോളെജിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

**********************

## ഹജ്ജ് ക്യാമ്പ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഹജ്ജ് തീർഥാടനത്തിന് കുറ്റമറ്റ സജ്ജീകരണങ്ങളാണ് ഇത്തവണ നടപ്പാക്കിയിരിക്കുന്നതെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു. ഏറ്റവും കൂടുതൽ സ്ത്രീകൾ ഇത്തവണ കേരളത്തിൽ നിന്നും ഹജ്ജിനു പോകുന്നത് ഒരു ചരിത്രമാണന്നും മന്ത്രി പറഞ്ഞു. ഇത്തവണ ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ട 17,883 പേരിൽ, 7,279 സ്ത്രീകളാണുള്ളത്.

**********************

## ട്രെയിൻ സമയമാറ്റം

കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ നിന്നും നാളെ പുറപ്പെടേണ്ട ട്രെയിൻ നമ്പർ 22646 കൊച്ചുവേളി ഇൻഡോർ അഹല്യ നഗരി എക്സ് പ്രസ് രാവിലെ 8.30 ന് മാത്രമേ പുറപ്പെടുകയുള്ളൂവെന്ന് റെയിൽവെ അറിയിച്ചു. നിശ്ചിത സമയത്തിൽ നിന്ന് ഒരു മണിക്കൂർ 55 മിനിട്ട് വൈകിയായിരിക്കും ട്രെയിൻ പുറപ്പെടുക.

RNUTVPM

**********************

## യോഗ ഒളിമ്പ്യാഡ്

സംസ്ഥാന യോഗ ഒളിമ്പ്യാഡിന് തിരുവനന്തപുരത്ത് തുടക്കമായി. അരുവിക്കര ഗവൺമെന്റ് ജി.വി രാജ സ്പോർട്സ് സ്കൂളിൽ നടക്കുന്ന യോഗ ഒളിമ്പ്യാഡ് ജി.സ്റ്റീഫൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. യോഗയുടെ പ്രചാരവും പ്രസക്തിയും സമൂഹമാകെ വ്യാപിക്കുക, സ്കൂൾ വിദ്യാർത്ഥികളിൽ ആരോഗ്യപരിപാലനത്തിന്റെ മികച്ച സന്ദേശം നൽകുക തുടങ്ങിയവയാണ് ഒളിമ്പ്യാഡിന്റെ ലക്ഷ്യം.

**********************

## സിംഗപൂർ ബാഡ്മിന്റൺ

സിംഗപൂർ ബാഡ്മിന്റൺ ഓപ്പണിൽ വനിത ഡബിൾസിൽ ഇന്ത്യൻ ടീം സെമിയിൽ കടന്നു. ദക്ഷിണ കൊറിയൻ താരങ്ങളെ പരാജയപ്പെടുത്തിയാണ് ട്രീസ ജോളി, ഗായത്രി ഗോപിചന്ദ് സഖ്യം സെമിയിൽ പ്രവേശിച്ചത്. സ്കോർ 18-21, 21-19, 24-22.

*********************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 75 പോയിന്റ് ഉയർന്ന് 73,961 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 42 പോയിൻറ് നേട്ടത്തിൽ 22,530 ലും ഇന്ന് വ്യാപാരം അവസാനിപ്പിച്ചു.

*********************

***************

*********

RNU TVPM